കുടുംബശ്രീ ജില്ലാമിഷൻ കൊല്ലം

(സ്ത്രീയും മതവും)

അതിപ്രാചീന കാലം മുതൽ മാനവ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തുവാൻ മതങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ സംസ്കാരങ്ങളുടെ സംഭാവനകളാണ് ഓരോ മതവും. സംസ്കാര സമ്പന്നമായ ജീവിത ശൈലി വികസിപ്പിച്ചെടുക്കുന്നതിന് ഉപയുക്തമായ പഠന ങ്ങളും പ്രമാണങ്ങളുമാണ് ഓരോ മതവും മനുഷ്യന് നൽകുന്നത്. ആത്യന്തികമായി നന്മയി ലേക്ക് നയിക്കുന്ന സാന്മാർഗ്ഗിക പ്രമാണങ്ങൾ അടങ്ങുന്ന മതഗ്രന്ഥങ്ങൾ വെട്ടിത്തെളിക്കു ന്നത് ആത്യാധ്മികതയിലേക്കുള്ളതും സർവ്വോപരി നന്മനിറഞ്ഞ ഒരു സമൂഹ സൃഷ്ടിയി ലേക്കും ഉള്ള പാതകളാണ്. ഈ മതഗ്രന്ഥങ്ങൾ ഗൗരവമേറിയ പഠനങ്ങൾക്ക് വിധേയമാക്കപ്പെ ടുമ്പോൾ അവ ഓരോന്നിലും സ്ത്രീകൾക്ക് നൽകുന്ന പ്രാധാന്യം എത്രയോ വലുതാ ണെന്ന് മനസ്സിലാക്കാൻ കഴിയും. നിർഭാഗ്യവശാൽ നിലവിലുള്ള പുരുഷമേധാവിത്വ സമൂഹം തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് മതവീക്ഷണങ്ങളേയും പഠനങ്ങളേയും വികല മായി വ്യാഖ്യാനിക്കുകയും സ്ത്രീസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുവാൻ ഉപയുക്തമായവിധം അവയെ ദുരുപയോഗിക്കുകയും ചെയ്യുകയാണ്.

പൗരാണിക കാലം മുതൽ ഭാരതീയ സംസ്ക്കാരവും ഹിന്ദുമതവും സ്ത്രീക്ക് ആദരീ ണമായ ഒരുസ്ഥാനമാണ് നൽകിയിരുന്നത്. തൈത്തിരിയം ഉപനിഷത്തിൽ "യെത്ര നാര ്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവത" എന്ന് എഴുതപ്പെട്ടരിക്കുന്നു. സ്തീയെ ബഹുമാനിക്കു ന്നിടത്ത് ദൈവീകതയുണ്ട് എന്ന കരുതപ്പെടുന്ന അത്തരം ഉത്കൃഷ്ട ചിന്താഗതികൾ പ്രാചീന സംസ്കാരത്തെ ഗാഢമായി സ്വാധീനം ചെലുത്തിയിരുന്നു. പുരാണങ്ങളിലും ഐതീഹങ്ങളിലും നിറഞ്ഞുനിൽക്കുന്ന ശക്തരായ സ്ത്രീകഥാപാത്രങ്ങൾ ഈ സംസ്ക്കാര ത്തിലെ സ്ത്രീയുടെ പ്രാധാന്യത്തിന് അടിവരയിടുന്നു. സ്വയംവരം പോലെയുള്ള ആചാരാ നുഷ്ടാനങ്ങൾ ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്. സ്ത്രീവിദ്യാഭ്യാസം ഏറെക്കുറെ സാർവ്വത്രികമാ യിരുന്നു. മൈത്രേയി, ഗാർഗി തുടങ്ങിയ വിജ്ഞാനികളായ സ്ത്രീകൾ ഈ യാഥാർത്ഥ്യത്തി ലേക്ക് വിരൽ ചൂണ്ടുന്നു. ജനകരാജാവിന്റെ വിദ്വൽസദസ്സിൽ ചോദ്യങ്ങൾ ചോദിക്കുവാൻ ക്ഷണിക്കപ്പെട്ടിരുന്ന അപാരമായ പാണ്ഡിത്യത്തിന് ഉടമയായ ഗാർഗി പൊതു രംഗ ത്ത്പോലും സ്ത്രീ അനുഭവിച്ചിരുന്ന അനന്യമായ അംഗീകാരത്തിന്റെ കൂടി ഉദാഹരണമാണ്. അക്കാലയളവിലെ സ്ത്രീകൾ ലിംഗവിവേചനപരമായ അസമത്വത്തിന് വിധേയരാക്കപ്പെട്ടിരു

ന്നില്ല എന്ന് വ്യക്തമായി പുരാണങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ കാണുന്ന നിരവധി യായ സ്ത്രീകഥാപാത്രങ്ങൾ (സീത, അംബ, സാവിത്രി, താര, ഊർമ്മിള,തുടങ്ങിയവർ) വിവിധ അവസ്ഥകളിലുള്ള സ്ത്രീകളുടെ വ്യക്തിനൈപുണ്യം, യുക്തിബോധം, ആത്മാഭിമാനം, എന്നി ങ്ങനെ കരുത്താർജ്ജിച്ച സ്ത്രീ സമൂഹത്തിനെ ദർശിക്കുവാൻ കഴിയും.

ബൈബിളിലെ ഉൽപത്തി പുസ്തകത്തിൽ മാനവസൃഷ്ടിയെപ്പറ്റി വിവരിക്കുമ്പോൾ ആദ്യമനുഷ്യനായ ആദത്തിന്റെ വാരിയെല്ലിൽ നിന്നാണ് ആദി മാതാവായ ഹവ്വയെ സൃഷ്ടി ക്കുന്നത്.(ഉൽപത്തി 2: 22) ) പണ്ഡിതൻമാരുടെ വീക്ഷണത്തിൽ ഈ ചിത്രീകരണം തന്നെ സ്ത്രീകളുടെ തുല്യത വെളിവാക്കപ്പെടുന്ന ഒന്നാണെന്ന് പറയപ്പെടുന്നു. സൃഷ്ടികർത്താവ് പുരുഷന്റെ കാലിലെ അസ്തികളിൽ നിന്നോ ശിരസ്സിൽ നിന്നോ അല്ല. പ്രത്യുത വാരിയെല്ലിൽ നിന്നാണ് സ്ത്രീയെ സൃഷ്ടിച്ചത്. ഇത് അർത്ഥമാക്കുന്നത് പുരുഷനോട് ചേർന്നു നിൽക്കുവാൻ അഥവാ ഒപ്പം നിൽക്കുവാൻ വേണ്ടിതന്നെയാണ് സ്ത്രീയെ സൃഷ്ടിച്ചത് എന്ന താണ്. ആയതിനാൽ സ്ത്രീക്ക് പുരുഷനോടൊപ്പംതന്നെ പ്രാധാന്യമുണ്ട് .ഇവൾ അസ്ഥി യിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമാണ് (ഉൽപത്തി 2:23 ) എന്ന വാക്കുകളിൽ ഈ തുല്യതക്ക് അടിവരയിടുന്നു. ക്രിസ്തുവിന്റെ കാലഘട്ടത്തിൽ സ്ത്രീകൾ അനുഭവിച്ചിരുന്ന സുരക്ഷിതമായ അവസ്ഥ മനസ്സിലാക്കുവാൻ ബൈബിളിലൂടെ നമുക്കു കഴി യും. യേശുക്രിസ്തുവിന്റെ അമ്മയായ മറിയം ഗർഭിണിയായിരിക്കെ തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ
ശുശ്രൂഷിക്കുന്നതിനായി ഏകയായി മൈലുകൾ യാത്ര ചെയ്ത് എലിസബത്തിന്റെ ഗൃഹ ത്തിലെത്തുന്നതായി കാണാം.(ലൂക്ക 1:39) അക്കാലത്ത് സ്ത്രീകൾ എത്ര സുരക്ഷിതമായാണ് യാത്രടിയ്തിരുന്നത് എന്ന് ഒട്ടൊരു അത്ഭുതത്തോടുകൂടി മാത്രമേ നമുക്ക് മനസ്സിലാക്കാൻ കഴിയൂ. പുരുഷനോടൊപ്പം നിൽക്കുവാനും സ്വന്തം അഭിപ്രായങ്ങൾ നിർഭയം പറയു വാനും കഴിയുന്ന സ്ത്രീയുടെ അവസ്ഥ തെളിയിക്കുന്ന നിരവധി സ്ത്രകഥാപാത്രങ്ങളെ ബൈബിളിൽ കാണാൻ കഴിയും. യേശു മരണത്തിൽ നിന്നും ഉയർപ്പിച്ചു എന്നു വിശ്വസി ക്കുന്ന ലാസറിന്റെ സഹോദരിമാരായ മാർത്തയും മറിയവും ഇതിനുദാഹരണങ്ങളാണ്. – വിശ്വാസികളോടുള്ള പ്രബോധനങ്ങളിൽ പൗലോസ് അപ്പസ്തോലൻ ആവർത്തിച്ച് ആവശ്യ പ്പെടുന്നു സ്ത്രീകളെ ബഹുമാനിക്കുവാനും സമൂഹത്തിൽ അവർക്കർഹമായ മാന്യമായ സ്ഥാനം നൽകുവാനും. “അവർ നിത്യായുസ്സിന്റെ കൂട്ടവകാശികളാണെന്നോർത്ത് അവരെ ബഹുമാനിക്കുക”.

പെൺകുട്ടികൾ ജനിച്ചാൽ അത് ശാപമായി കാണുകയും അവരെ നിർദാക്ഷണ്യം വധിക്കുകയും ചെയ്തുവന്നിരുന്ന ഒരു കാലഘട്ടത്തിലാണ് നബി സ്ത്രീകളെ ആദരിക്കാൻ ആഹ്വാനം ചെയ്തത്. സ്ത്രീകളുടെ തുല്യ അവകാശത്തിന് ഖുറാൻ അതീവ പ്രാധാന്യമാണ് നൽകുന്നത്. "ഒരൊറ്റ ആത്മാവിൽ നിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതേ ആത്മാവിൽ നിന്ന് അതിന്റെ ഇണയെ സൃഷ്ടിക്കുകയും ചെയ്തു". (അന്നിസാഅ് 1)എന്ന വചനം സ്ത്രീപുരുഷ തുല്യതയുടെ പ്രാധാന്യം എടുത്തുകാട്ടുന്നു. ഖുറാനിലൂടെ കടന്നു പോകുമ്പോൾ വിജ്ഞാനമേന്മയുള്ള പണ്ഡിതകളേയും (ആഇശ(റ), ഉമർ (റ), അലിയ്യുബ്നു അബിത്വാലിബ് (റ), ഇബ്നു അബ്ബാസ് (റ) ) യുദ്ധപങ്കാളിത്തം, ധീരത, ആരോപണവിധേയയായപ്പോഴും കാണിച്ച സഹിഷ്ണുത, സന്മനോഭാവം തുടങ്ങി ഒട്ടേറെ സവിശേഷതയുള്ള വനിതകളെ കാണാൻ കഴിയും. ആദർശ പ്രശ്നത്തിൽ ഭർത്താവിന്റെ തീരുമാനത്തിന് എതിരായി തീരുമാനമെടുത്ത ഫിർഔന്റെ ഭാര്യ (അത്തഹ്രിം11) ശക്തമായ വ്യക്തിത്വത്തിന്റെ സ്ത്രീരൂപമാണ്. പ്രവാചകനായ മുഹമ്മദിന്റെ വചനങ്ങളിലുടനീളം സ്ത്രീയോടു പുലർത്തുന്ന ആദരവും അവർക്ക് അവിടുന്ന നൽകിയിട്ടുള്ള പ്രത്യേക പരിഗണനകളും അത്ഭുതാവഹമാണ്. ഒരവസരത്തിൽ നിനക്കേറ്റവും കടപ്പാടുള്ളത് മാതാവിനോടാണെന്ന് മൂന്നു തവണ ആവർത്തിക്കുന്നു. നാലാം തവണ മാത്രമാണ് പുരുഷനായ പിതാവിനോടുള്ള കടപ്പാടിനെ കുറിച്ച് പറയുന്നത്. 'മറ്റൊരവസരത്തിൽ പ്രവാചക സന്നിതിയിലേക്ക് കടന്നു വരുന്ന മകൾ ഫാത്തിമയെ എന്റെ മകൾക്ക് സ്വാഗതം എന്നു പറഞ്ഞ് അടുത്തിരുത്തുന്നു. മൂന്നു പെൺകുട്ടികളേയോ, മൂന്നു സഹോരിമാരെയൊ ഒരാൾ നന്നായിസംരക്ഷിച്ചാൽ ആ പെൺകുട്ടികൾ അയാളെ നരകത്തിൽ നിന്ന് സംരക്ഷിക്കുന്ന മറയായി വർത്തിക്കും എന്നും പറഞ്ഞു. മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു ഒരാൾക്ക് ഒരു പെൺകുട്ടിയുണ്ടായി. അവളെ അയാൾ കുഴിച്ചു മൂടിയില്ല. അപമാനിച്ചില്ല. ആൺകുട്ടിയെ അവളെക്കാൾ പ്രത്യേകം പരിഗണിച്ചില്ല. എങ്കിൽ അയാളെ അള്ളാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. തന്റെ കീഴിലുള്ള അടിമ പെൺകുട്ടിയെ പഠിപ്പിക്കുകയും സംസ്കാര സമ്പന്നയാക്കുകയും വിവാഹം ചെയ്ത് അയക്കുകയും ചെയ്യുന്നവന് രണ്ട് പ്രതിഫലം ഉണ്ടെന്ന് നബി പറയുന്നു. അമ്മയുടെ കാല്ക്കലാണ് സ്വർഗ്ഗത്തിലേക്കുള്ള വഴി എന്നും നബിവചനമുണ്ട്. ശ്രദ്ധാപൂർവ്വം നബിവചനങ്ങൾ പഠിക്കുന്നവർക്ക് സ്ത്രീകളടെ എല്ലാതലത്തിലുമുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും ഉപയുക്തമായ നിരവധി വചനങ്ങളുടെ നീണ്ട നിരതന്നെ കാണാൻ കഴിയും. വിവാഹത്തിനുള്ള സ്വാതന്ത്ര്യം, പള്ളിയിൽ പോകാനുള്ള സ്വാതന്ത്ര്യം, പൂർവ്വിക സ്വത്തിൻമേലുള്ള അവകാശം ,

തുടങ്ങി എല്ലാ തലത്തിലും സ്ത്രീ സുരക്ഷക്ക്, തുല്യതക്ക് അമിത പ്രാധാന്യംതന്നെ ഖുറാൻ നൽകുന്നുണ്ട്.

ഇങ്ങനെ വിവധ മതങ്ങളുടെ പ്രബോധനങ്ങളിലൂടെയും പഠനങ്ങളിലൂടെയും ഉള്ള തീർത്ഥയാത്ര സ്ത്രീസുരക്ഷക്കും സമൂഹത്തിൽ സ്ത്രീയുടെ തുല്യതയ്ക്കും അവളുടെ അന്തസ്സിനും അന്തസത്തയ്ക്കും ഏറ്റവും പ്രയോജനകരവും സുരക്ഷിതവുമായ പഠനങ്ങൾ മാത്രമാണ് , സന്ദേശങ്ങൾ മാത്രമാണ് എല്ലാ മതങ്ങളും നൽകുന്നത് എന്ന് അവിതർക്കിത മായി തന്നെ പറയാൻ കഴിയും ഒരു മതങ്ങളും അവളുടെ ശാരീരികമായ പരിമിതികൾ കൊണ്ടും പ്രത്യുല്പാദനപരമായ പ്രത്യേകത കൊണ്ടും രണ്ടാംതരക്കാരിയാക്കുവാൻ ആഹ്വാനം ചെയ്തിട്ടില്ല. കൂടെ നിർത്തുവാനും സംരക്ഷിക്കുവാനും അവളുടെ സ്വത്വം അംഗീകരിക്കുവാനും ആത്യന്തികമായി മൂല്യബോധത്തിലധിഷ്ടിതമാം വിധം അവളോട് വർത്തിക്കുവാനും മാത്രമാണ് പഠിപ്പിച്ചിട്ടുള്ളത്. കാലക്രമേണ ഈ മതഗ്രന്ഥങ്ങൾ കൈകാര്യം ചെയ്യുന്ന പുരോഗിത വർഗ്ഗം പുരുഷാധിപത്യ സമൂഹത്തിന്റെ സമ്മർദ്ദത്തിന് വിധേയരാക്കപ്പെട്ടു എന്നു വേണം കരുതാൻ . കാരണം വളരെ അപൂർവ്വമായതും ഹ്രസ്വമായതുമായ ചില പരാമർശങ്ങളെങ്കിലും മതഗ്രന്ഥങ്ങളിൽ നിന്ന് സാഹചര്യങ്ങൾ പരിഗണിക്കാതെ അടർത്തിയെടുത്ത് സ്ത്രീ പക്ഷത്തിന് വിരുദ്ധമായി ഉപയോഗിക്കുന്നതായി കണ്ടു വരുന്നു. കുടുംബത്തിനുള്ളിലേക്ക് ഒതുങ്ങി കൂടാനും വിധേയരും, അബലരും ആയി കഴിയുന്നതാണ് കരണീയമെന്നും അടിസ്ഥാന രഹിതമായി ഉദ്ബോധിപ്പി,ക്കുന്നു. ഇത്തരത്തിലുള്ള വികല പഠനങ്ങൾക്ക് അന്ത്യം വരേണ്ടതുണ്ട്. ഇതിന് ഈ രംഗത്ത് വിശദമായ പഠനങ്ങൾ നടക്കേണ്ടതുമുണ്ട്. എന്തുതന്നെയായാലും ഒന്ന് ഉറപ്പാണ്. അടിയുറച്ച ഒരു ഈശ്വര വിശ്വാസി സാന്മാർഗ്ഗികതയിൽ ഊന്നിയ ഒരു ജീവിതചര്യയുടെ ഉടമയായിരിക്കും. അത്തരം ഒരു വിശ്വാസി സമൂഹത്തിൽ നിന്ന് സ്ത്രീകൾക്ക് പ്രതീക്ഷിക്കാവുന്ന നല്ല പെരുമാറ്റങ്ങളാണ് ഉണ്ടാവാറുള്ളത്. മതങ്ങൾ ലക്ഷ്യം വയ്ക്കുന്ന ഈ നന്മയുടെ സുവർണ്ണ പ്രഭ എത്രത്തോളം സമൂഹത്തിൽ ഉണ്ട് എന്ന് പ്രവചിക്കുക വയ്യ. എങ്കിലും മതവിശ്വാസവും അത് പകർന്നു തരുന്ന ഈശ്വരവിശ്വാസവും മാനവരാശിക്ക് ഏറെ പ്രത്യേകിച്ച് സ്ത്രീ സമൂഹത്തിന് ശുഭകരമായി തീരട്ടെ എന്ന് പ്രാർത്ഥിച്ചുപോകുന്നു.

.............................................................................